# പതിനാലാം കേരള നിയമസഭ
# (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3812 20/10/2016-ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ.കെ. ആൻസലൻ: | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ മത്സ്യബന്ധന വകുപ്പിനു വേണ്ടി എന്തെല്ലാം പ്രവൃത്തികളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) തീരദേശ വികസന കോർപ്പറേഷൻ തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായുള്ള വിവിധ പദ്ധതികൾ (പ്രധാനമായും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ) നടപ്പിലാക്കി വരുന്നു. ചില പ്രധാന പദ്ധതികൾ താഴെപ്പറയുന്നു.<br>(1) മാതൃകാ മത്സ്യഗ്രാമ പദ്ധതി<br>(2) സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി<br>(3) ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി<br>(4) മത്സ്യമാർക്കറ്റുകളുടെ ആധുനികവൽക്കരണം<br>(5) തീരദേശ സാമൂഹിക അടിസ്ഥാനസൗകര്യ വികസന പദ്ധതി<br>(6) സമഗ്ര തീരദേശ വികസന പദ്ധതി<br>(7) ഭൂരഹിതർക്ക് ഭവന പദ്ധതി<br>(8) ബേസിക് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ആന്റ് ഹ്യൂമൺ ഡെവലപ്മെന്റ് ഓഫ് ഫിഷർഫോക്ക് |
| ബി) പ്രസ്തുത പ്രവൃത്തികൾ ഗുണനിലവാരമില്ലാത്തതും ഉപയോഗശൂന്യവുമാണെന്ന് ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; | ബി) തിരുവനന്തപുരം ജില്ലയിലെ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുന്ന ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി ട്രാഞ്ചെ 17 ൽ ഉൾപ്പെട്ട 3 ഫിഷ് ലാന്റിംഗ് സെന്ററുകൾ നിർമ്മാണം പൂർത്തീകരിച്ച് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിരുന്നുവെങ്കിലും പൂർണ്ണമായ രീതിയിൽ ഉപയോഗിക്കുന്നില്ല എന്ന് 2014 ഡിസംബർ, 2015 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടത്തിയ പരിശോധനയിൽ ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗം കണ്ടെത്തിയിരുന്നു. പദ്ധതികൾ ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയിട്ടില്ല |
| സി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫിഷ് ലാന്റിംഗ് സെന്ററുകളുടെ തുടർ നടത്തിപ്പും പരിപാലനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതിനാൽ 3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, സെക്രട്ടറിമാരെ ഉൾപ്പെടുത്തി ചർച്ച നടത്തുകയും ഫിഷ് ലാന്റിംഗ് സെന്ററുകൾ പ്രവർത്തനക്ഷമമാക്കണമെന്ന നിർദ്ദേശം നൽകുകയും ചെയ്തു. |

| | | |
|---|---|---|
| ഡി) | കെ.എസ്.സി.എ.ഡി.സി. ഏത് വർഷം മുതലുള്ള പ്രോജക്ടുകൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്നും അവയുടെ മൊത്തം അടങ്കൽ തുക എത്രയെന്നും അറിയിക്കാമോ; ഈ തുകയിൽ നിന്ന് പലിശ ഇനത്തിൽ എത്ര തുക ലഭിച്ചുവെന്നും ഇത് ഏത് ആവശ്യത്തിനാണ് ഉപയോഗിച്ചതെന്നും വ്യക്തമാക്കാമോ? | ഡി) കെ.എസ്.സി.എ.ഡി.സി. വഴി 2011-12 മുതൽ 2016-17 സാമ്പത്തിക വർഷം വരെ ഭരണാനുമതി നൽകിയ പദ്ധതികളിൽ 141 പദ്ധതികളുടെ നിർവ്വഹണം പുരോഗമിക്കുകയും 108 പദ്ധതികളുടെ നിർവ്വഹണം ആരംഭഘട്ടത്തിലുമാണ്. 2011-12 മുതൽ 2016-17 വരെയുള്ള പദ്ധതികളുടെ മൊത്തം അടങ്കൽ തുക 27,287.88 ലക്ഷം രൂപയാണ്.<br><br>മേൽ പദ്ധതികൾക്ക് ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ച ഫണ്ട് തീരദേശ വികസന കോർപ്പറേഷന്റെ ടി.എസ്.ബി. അക്കൗണ്ടിൽ ആണ് നിക്ഷേപിച്ചിരിക്കുന്നത്. ആയതിനാൽ പലിശയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ആഫീസർ